Kerala Gazette No. 21 dated 23rd May 1978.
PART I

Section iv

# കേരള സർക്കാർ

## സംഗ്രഹം

1969-ലെ കേരള ഔദ്യോഗികഭാഷാ ആക്ട്—1ബി വകുപ്പ്—നാലാം ക്ലാസ് ജീവനക്കാരുടെ നിയമനവും മററും—ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്

---

റപാതുഭരണ (ഔദ്യോഗികഭാഷാ) വകുപ്പ്

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 211/78/ജി.എ.ഡി.

തിരുവനന്തപുരം, 1978 മേയ് 9.

---

## വിജ്ഞാപനം

എസ്. ആർ. ഒ. നമ്പർ 453/78.—1969-ലെ കേരള ഔദ്യോഗികഭാഷാ ആക്ററ് (1969-ലെ 7-ാം ആക്ററ്), 1 ബി വകുപ്പുപ്രകാരം തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച്, കേരള സർക്കാർ നിയമനം, സ്ഥലംമാററം, അവധി തുടങ്ങി നാലാംക്ലാസ് ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എല്ലാ കാര്യങ്ങളും മലയാളത്തിലായിരിക്കണമെന്നു ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവുപ്രകാരം),

സക്കറിയാ മാത്യു,

സ്പെഷ്യൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമല്ല. എന്നാൽ വിജ്ഞാപനത്തിൻെറ പൊതു ഉദ്ദേശ്യം സൂചിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1973-ലെ കേരള ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) ഭേദഗതി ആക്ററ് (1973-ലെ 15-ാം ആക്ററ്) മൂലം ഭേദഗതി ചെയ്ത 1969-ലെ കേരള ഔദ്യോഗികഭാഷാ ആക്ററ് 1 ബി വകുപ്പ്, ഔദ്യോഗിക കാര്യങ്ങൾക്ക് ഇംഗ്ലീഷോ മലയാളമോ ഉപയോഗിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. നാലാംക്ലാസ് ജീവനക്കാരുടെ നിയമനം, സ്ഥലംമാററം, അവധി തുടങ്ങി അവരുടെ സർവ്വീസ് സംബന്ധമായ എല്ല കാര്യങ്ങളും മലയാളത്തിലായിരിക്കണമെന്ന് മുകളിൽ പറഞ്ഞ വകുപ്പുമൂലം നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യം സാധിക്കുവാനാണ് ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

എല്ലാ വകുപ്പു തലവൻമാർക്കും, ആഫീസുകൾക്കും
നിയമം, ധനകാര്യം, നിയമനിർമ്മാണസഭ ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ
എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, അഡീഷണൽ
സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖക്കത്തു സഹിതം)
മുഖ്യമന്ത്രിയുടെയും മററു മന്ത്രിമാരുടെയും പ്രൈവററ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെയും, അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും
സ്റെറനോഗ്രാഫർമാർക്ക്
ഹൈക്കോടതി രജിസ്ട്രാർ, എറണാകുളം (ആമുഖക്കത്തുസഹിതം)
രജിസ്ട്രാർ, കേരള/കോഴിക്കോട്/കൊച്ചി
സർവ്വകലാശാല ,,
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,
തൃശ്ശൂർ ,,
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ,,
സെക്രട്ടറി, കേരള സ്റേററ് ഇലക്ട്രിസിററി ബോർഡ് ,,
ജനറൽ മാനേജർ, കേരള സ്റേററ് റോഡ് ട്രാൻസ്
പോർട്ട് കോർപ്പറേഷൻ ,,
അക്കൌണ്ടൻറ് ജനറൽ, കേരള
പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക്
ഔദ്യോഗിക ഭാഷാ സ്പെഷ്യൽ ആഫീസർ